# ധ്വനി

VPPMKPS GVHSS

TRIKARIPUR



## വി പി പി എം കെ പി എസ് ജി വി എച്ച് എസ് എസ്
## തൃക്കരിപ്പൂർ

# സ്കൂൾ മാഗസിൻ 2019-20

ചീഫ് എഡിറ്റർ : ശ്രീ പി ടി വിജയൻ (ഹെഡ്മാസ്റ്റർ)

എഡിറ്റോറിയൽ ബോർഡ് : പ്രസന്നകുമാരി ഒ സി

: സുബൈദ കെ

സ്റ്റുഡന്റ് എഡിറ്റർ : ഷമീം അബ്ദുൾ കരിം.കെ

സഫ് വത്ത്.വി.പി.എം

കവർ ഡിസൈൻ : ഇബ്രാഹിം ബാദുഷ

# സന്ദേശം

നമ്മുടെ വിദ്യാലയത്തിലെ ഡിജിറ്റൽ മാഗസിൻ പ്രവർത്തനത്തിൽ പങ്കാളികളായ എല്ലാ കുട്ടികളേയും അഭിനന്ദിക്കുന്നു.വിവരവിനിമയ സാങ്കേതികത വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റം സൃഷ്ടിക്കുന്ന ഈ കാലഘട്ടത്തിൽ ഇത്തരമൊരു മാഗസിന്റെ പ്രാധാന്യം വളരെ വലുതാണ്.കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്തിയെടുക്കാനുതകുന്ന പാഠ്യ പദ്ധതിയാണ് ഇന്നുള്ളത്.സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉൾപ്പെടുത്തി ലോകം പുതിയ യുഗത്തിലേക്ക് കുതിക്കുകയാണ് അതിനനുസരിച്ചുള്ള മാറ്റങ്ങൾ നമ്മുടെ ക്ലാസ് മുറികളിലും പ്രകടമാണ്.ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി ഒരു ഇ-മാഗസിൻപുറത്തിറക്കുകയാണ്.നൂതന സാങ്കേതിക വിദ്യ പൂർണ്ണമായും ഉപയോഗിച്ച് തയ്യാറാക്കുന്ന "***ധ്വനി*** "ഒരു മികച്ച മാഗസിനായി തീരട്ടെ എന്ന് ആശംസിക്കുന്നു.

***ഹെഡ്മാസ്റ്റർ***

# ആമുഖം

അറിവ് നിർമാണ പ്രക്രിയയിൽ വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും വലിയ പ്രാധാന്യമുണ്ട് . ആധുനിക ലോകത്തിന്റ അവിഭാജ്യഘടകമായി മാറിയ കമ്പ്യൂട്ടറും ഇന്റർനെറ്റും നമുക്ക് നൽകുന്നത് ആശയ വിനിമയത്തിന്റെ അനന്തസാധ്യതകളാണ്.കല്ലുകളിൽ കൊത്തിവെച്ച് നമ്മുടെ പൂർവികർ തുടങ്ങിയ എഴുത്ത് പനയോലകളും കടലാസുകളും പിന്നിട്ട് ഡിജിറ്റൽ അക്ഷരങ്ങളിലാണ് ഇന്ന് എത്തി നിൽക്കുന്നത്.എഴുത്താണിയുടെ സ്ഥാനം കീബോർഡ് കയ്യടക്കി കഴിഞ്ഞിരിക്കുന്നു.നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് തൃക്കരിപ്പൂർ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഇ-മാഗസിൻ "***ധ്വനി*** "ഈ സ്കൂളിലെ മുഴുവൻ കുട്ടികൾക്കുമായി സമർപ്പിക്കുന്നു.

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

1. ആഷിക്.ടി.എ
2. ഇബ്രാഹിം ബാദ്ദുഷ
3. ഫാത്തിമ .എം
4. ഫാത്തിമത്ത് മുഹ്സീന
5. ഹബീബുള്ള.എം.കെ
6. മുബീർ.എ.ജി
7. മുഹമ്മദ്.എ
8. മുഹമ്മദ്.ടി.പി
9. മുഹമ്മദ് ഹാരിസ്.പി.എം
10. മുഹമ്മദ് ജാസിം.സി.പി
11. മുഹമ്മദ് മുബഷീർ.പി
12. മുഹമ്മദ് നിഹാദ്.എം.ടി.പി
13. മുഹമ്മദ് സൂഫി സലിം
14. മുഹമ്മദ് സുഹൈൽ.പി.പി
15. മുഹമ്മദ് യൂനസ്
16. നഹാദ.എം.പി
17. നൂറുൽ ഫിദ.പി
18. റിഫാന.എം.പി
19. സഹല.എ.ജി
20. ഷാഹുൽ ഹമീദ് നഹ് മാൻ
21. ഷമിം അബ്ദുൾ കരിം.കെ
22. സിറാജുദ്ദീൻ.എം.പി
23. സഫ് വത്ത്.വി.പി.എം
24. അബ്ദുൾ അദിൽ.ടി.എ

## ഉള്ളടക്കം

.......................................................................................................................5
എന്റെ പ്രിയ മലയാളം.......................................................................................................6
ജനസേവകർ.......................................................................................................................7
ഭൂമിയിലൊരു ജന്മം...........................................................................................................8
എന്റെ കേരളം.....................................................................................................................9
മാതൃക...........................................................................................................................10
വസന്തമേ.........................................................................................................................11
ഒരു തീപ്പെട്ടിക്കൊള്ളി പഠിപ്പിച്ച പാഠം.........................................................................12
പൈങ്കിളി........................................................................................................................13
ജലം................................................................................................................................14
യുദ്ധം..............................................................................................................................15
നാമെന്ന മനുഷ്യർ.............................................................................................................16
ഗുണദോഷം......................................................................................................................17
മനുഷ്യനാശം...................................................................................................................18
മതം................................................................................................................................19
എന്റെ നാട്......................................................................................................................20
മനുഷ്യനൊന്നേയുള്ളൂ.......................................................................................................21
വയൽ...............................................................................................................................22
മൊബൈൽ........................................................................................................................23

# എന്റെ പ്രിയ മലയാളം

നൂറ്റാണ്ടുകൾ പഴക്കമുള്ള നമ്മുടെ പ്രിയ മലയാളം ഈ കാലത്ത് പുതിയ പ്രതിസന്ധികളിലൂടെ കടന്നുപോവുകയാണ്.മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവി ലഭിച്ചെങ്കിലും ഇന്നും വേണ്ടത്ര അംഗീകാരം ലഭിച്ചില്ല. ഇംഗ്ളീഷ് ഭാഷയ്ക്ക് നാം തന്നെ അനുവദിച്ചുകൊടുത്ത ആധിപത്യം നമ്മുടെ ഭാഷയെ നാലാംകിട ഭാഷയായി പരിഗണിക്കാൻ പുതിയ തലമുറക്ക് പ്രചോദനമായി.ഓരോ ഭാഷയും വളരുന്നതും വികസിക്കുന്നതും പുതിയ വാക്കുകൾ സൃഷ്ടിച്ച് മറ്റു ഭാഷകളിൽ നിന്ന് കടം കൊണ്ടും കടം എടുത്തും ഒക്കെയാണ് .നവസാങ്കേതിക വിദ്യയുടെ വളർച്ചയുടെ ഭാഗമായി കണ്ടുപിടിക്കപ്പെടുന്ന ഉപകരണങ്ങൾക്കും മറ്റും തനിമലയാളത്തിന്റെ പേരുകൾ നൽകുക അതും തനിമലയാളത്തിൽ അത്ര എളുപ്പമല്ലെങ്കിലും മുൻ കാലങ്ങളിൽ ഇത്തരംശ്രമങ്ങൾനടന്നിട്ടുണ്ട്.നമ്മുടെ അയൽ സംസ്ഥാനത്തെ ദ്രാവിഡ ഭാഷയായ തമിഴിൽ ആയിരക്കണക്കിന് പുതിയ വാക്കുകളാണ് സൃഷ്ടിച്ച് ഉപയോഗത്തിൽ വരുത്തിയത്.ഇപ്പോഴും "ഫുട്ബോൾ” കളിക്ക് നമുക്ക് വാക്കുകളില്ല.പക്ഷേ തമിഴിൽ കാല്പന്ത് കളി എന്ന് മാത്രമാണ് ഉപയോഗിക്കാറ്. ഇഞ്ചി,തേക്ക്,കറിഎന്നിവ നമ്മുടെ ഭാഷയിൽ നിന്ന് ഇംഗ്ലീഷിലേക്ക് പോയി.നമ്മുടെ ഭാഷ മലയാളമാണെന്ന് പറയാനുള്ള ആർജ്ജവം പുതിയ തലമുറ കാട്ടേണ്ടിയിരിക്കുന്നു.

## ജനസേവകർ

വോട്ടുകൾ വാങ്ങാൻ വീടുകൾ പലതും
കയറിയിറങ്ങും ജനസേവകരിവർ
ബൂത്തിനു മുൻപിൽ തൊഴുകൈകളുമായ്
നിൽപ്പു നമ്മുടെ ജനസേവകരിവർ
വോട്ടും നേടി ജയിച്ചാലവരെ
എങ്ങും നാട്ടിൽ കാണാറില്ല
എങ്ങും കാണാനില്ലേൽ പിന്നെ
എവിടെ പോയവർ നാട്ടാരെ
സർക്കാർ ചിലവിൽ ഊരും ചുറ്റി
നടപ്പൂ നമ്മുടെ ജനസേവകരിവർ
അഞ്ചു വർഷം കഴിയാതവരെ
നാട്ടിലൊരിക്കലും കാണുകയില്ലോ

റിഫാന.എം.പി

## ഭൂമിയിലൊരു ജന്മം

ഈ മനോഹരമായ ഭ്രൂമിയിൽ ജനിക്കാൻ എന്തു പുണ്യമാണ് ഞാൻ ചെയ്തത്.  ഞാൻ എന്റെ ഭ്രൂമിയെന്ന് അവകാശം പറയാൻ പാടില്ല. അത് എല്ലാവർക്കും അവകാശപ്പെട്ടതാണ്. സർവ്വ ജീവികൾക്കും , മനുഷ്യർക്കും  പിന്നെ മരങ്ങൾക്കും ചെടികൾക്കും അവകാശപ്പെട്ടതാണ്. കാരണം ദൈവം എല്ലാവരെയും തുല്യ അളവിൽ അല്ലെങ്കിലും  തുല്യ ജീവൻ കൊടുത്താണ് സൃഷ്ടിച്ചിരിക്കുന്നത്. എന്നാൽ ഇന്നത്തെ മനുഷ്യർഎല്ലാം നശിപ്പിക്കുന്നു.  എന്നാൽ എന്റെ സന്ദേശമിതാണ് ഭാവി  തലമുറയെ, ദൈവത്തെ , ജീവജന്തുക്കളെ എല്ലാം സ്നേഹിക്കണം. ഇല്ലായ്മ ചെയ്യരുത്.

ആഷിക്.ടി.എ

## എന്റെ കേരളം

ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന സംസ്ഥാനം . മലകളും കാടുകളും നിറഞ്ഞ ഭൂപ്രദേശം. പക്ഷിമൃഗാദികളുടെ നാട്. എണ്ണപ്പെടുന്ന കുളങ്ങളും പുഴകളുമൊക്കെ ഉള്ള സംസ്ഥാനം. സുന്ദരമായ പള്ളികളും അമ്പലങ്ങളുമൊക്കെ സ്ഥിതി കൊള്ളുന്ന ഒരു സുന്ദരമായ നാട്. കൃഷികളുടെയും പഴങ്ങളുടെയും നാടായ കേരളം.കടലുകൾ തിരയടിച്ച് കേറുന്ന നാട്. തെങ്ങിൻ തോപ്പുകൾ ചാഞ്ചാടിക്കളിക്കുന്ന കേരളം. കളരിപ്പയറ്റിന്റെ നാടായ കേരളം. ഈ സവിശേഷതകളൊക്കെ നിറഞ്ഞ് നിൽക്കുന്ന ഒരു കൊച്ചു നാടിന്റെ സവിശേഷതകൾ എത്ര വർണിച്ചാലും മതിയാവില്ല.

സഹല.എ.ജി

## മാതൃക

മധുരമുള്ള ഓർമകൾ
മനസ്സിൽ കരുതണം
സൗഹൃദങ്ങളിൽ അതു
പങ്കുവെയ്ക്കണം
ശോകമൂകമാം ഓർമ്മകൾ
മറക്കുവാൻ
കൂട്ടുകാരിൽ നമ്മൾ
നല്ലവരായ് മാറണം

അനുശ്രീ.കെ

# വസന്തമേ....

സ്വർണ്ണ വസന്തമേ...

നീലമുടികൾ തൻ...

പൂവണിഞ്ഞുവോ...
ജീവസന്ധ്യകൾ

പാടിത്തുടങ്ങിയോ...
ഭ്രമിവീണ

അലങ്കരിച്ചോ...

ഇളം കാറ്റിൽ...
ആട്ടം മണികളാൽ

സുരഭിയായ നീ...
മോഹിനിയാട്ടത്താൽ

മനസ്സ് കവർന്നുവോ...
ഇനിയും കാക്കും ഞാൻ

നിൻ ഉ്വലിനായി...

നമിക്കുകയായി ഞാൻ...

നിൻ പാദങ്ങളിൽ.

സഫ് വാൻ.വി.പി

## ഒരു തീപ്പെട്ടിക്കൊള്ളി പഠിപ്പിച്ച പാഠം

രാമു ജോലിക്കു ശേഷം ക്വോർട്ടേഴ്സിലേക്ക് വന്നു. പെരുമഴയാണ്. അവൻ തന്റെ മുറിയിലേക്ക് കയറി. ഒരു ചായ കുടിക്കണമെന്ന് രാമുവിന് തോന്നി. ചായ ഇടുമ്പോൾ കറണ്ടു പോയി. ഒരു മെഴുകുതിരി കത്തിക്കാമെന്നു വിചാരിച്ച് തിരിയെടുത്ത് തീപ്പെട്ടിക്കു നോക്കിയപ്പോൾ അതാ മഴയുടെ ചാറ്റലടിച്ച് തീപ്പെട്ടി നനഞ്ഞിരിക്കുന്നു. അത് ഒരു തീപ്പെട്ടിയല്ലേ. അത് എവിടെ പോയാലും ലഭിക്കും എന്ന് വിചാരിച്ച് രാമു തീപ്പെട്ടിയെടുത്ത് കളഞ്ഞു. പുതിയ തീപ്പെട്ടി വാങ്ങാമെന്ന് വിചാരിച്ച് കടയിൽ പോയപ്പോൾ കട പൂട്ടിയിരിക്കുന്നു. അടുത്ത് വേറെ കടകളൊന്നുമില്ല. റോഡിൽ നിറയെ ഇരുട്ട് . ഒടുവിൽ അവൻ തന്റെ ക്വോർട്ടേഴ്സിലേക്ക് തിരിച്ച് പോയ് . കറണ്ടു വരുന്നതു വരെ ഇരുട്ടിൽ കഴിയേണ്ടി വന്നു. അതിനു ശേഷം അവൻ പഠിച്ചു. ഒരു തീപ്പെട്ടിക്കൊള്ളിക്കും അതിന്റേതായ വില.

ഫാത്തിമ റസാഖ്

## പൈങ്കിളി

കരയരുതേയെൻ പൈങ്കിളി
മരച്ചില്ലകൾ ഒടിയുമ്പോൾ
മരങ്ങൾ ഓരോന്നായി
മുറിക്കുമ്പോൾ
നിൻ ഭവനമാണല്ലോ തകരുന്നു
നിന്നുടെ വ്യസനം കാണുമ്പോ-
ളെൻ മനം വിതുമ്പുന്നു
കരയരുതേയെൻ പൈങ്കിളി
മരച്ചില്ലകൾ ഒടിയുമ്പോൾ

ഫർഹാൻ.എ.ജി

# ജലം

ജലം , അത് ജീവനാണ്

ജലം , അത് പ്രകൃതിയാണ്

ജലം , അത് അമ്മയാണ്

ജലം , അത് ഹൃദയമാണ്

ജലം , അത് മരങ്ങളാണ്

ജലം , അത് പുഴയാണ്

ജലം , അത് കുളമാണ്

ജലം , അത് നീരുറവയാണ്

അല്ലാതെ അത് പെപ്സിയല്ല

ജലം , അത് സാഗരം

ജലം അത് ശുദ്ധജലം

ജലം ഇത് തണുത്ത ജലം

അതൊരിക്കലും കോളയാവരുത്

മുഹമ്മദ് ഹാരിസ്.പി.എം

# യുദ്ധം

യുദ്ധത്തിന്റെ ജഗത്തിൽനിന്നുമൊ-
രജ്ഞാത ഗന്ധർവ്വ ലോകത്തിൽ
പോകാനാശിക്കുന്നു ഞാൻ

യുദ്ധമേ വേണ്ട,ശാന്തിയെങ്ങും പുലരട്ടെ
ഇന്ത്യയെന്ന മഹാരാജ്യത്ത്

യുദ്ധമെന്തിനു മർത്യരെ ?
സ്വന്തം നാശം വിതയ്ക്കാൻ
ആശിപ്പോരല്ലോ വിഡ്ഢികൾ
താൻ താൻ ചെയ്യുന്നതിന്റെ ഫലം

താൻ താൻ നേരിടേണ്ടതല്ലേ ?
ശത്രുവിനെ മിത്രമാക്കി
ജീവിച്ചാൽ യുദ്ധമെല്ലാം പമ്പകടക്കും
ആ യുദ്ധത്തെ ഇനി വരുത്താതിരിക്കാൻ
പ്രതിജ്ഞ ചെയ്യൂ കൂട്ടരെ

നൂറുൽ ഫിദ.പി

## നാമെന്ന മനുഷ്യർ

ഭുവനത്തെ യുദ്ധത്താൽ കളിപ്പിച്ചവർ
നാളത്തെ കാലത്തേക്കെത്തി നോക്കീടുക
യുദ്ധത്താൽ ഉൾത്തളിർ വാടി
തേങ്ങിക്കരയുന്ന മനുഷ്യരെ കാണുക
സഹജന്റെ ശോണിതം വെട്ടിത്തെറിപ്പിച്ച
മർത്യ നിനക്കെന്തു നേട്ടം
യുദ്ധത്തെ വേർപിരിയുന്ന നാളിൽ
പുതിയൊരർക്കനെഴുന്നള്ളീടും
യുദ്ധത്തെ  ഒഴിവാക്കിയില്ലെങ്കിൽ
ലോകം നശിച്ചു പാഴായിപ്പോകും
പിന്നെ കിളികൾ പാടില്ല , നദികളൊഴുകില്ല
ചെടികൾ വളരില്ല , എല്ലാം
നാമെന്ന മർത്യൻ നിമിത്തം.

**കാർത്തിക**

## ഗുണദോഷം

ഗുണം മനുഷ്യനിൽ
നൻമയുണർത്തും
പാപം മനുഷ്യന്
ദോഷം വരുത്തും
ഭക്തി മനുഷ്യന് ശാന്തി നിറയ്ക്കും

നഹാദ.എം.പി

# മനുഷ്യനാശം

ഒരു കള്ളം പറഞ്ഞാൽ
മറു കള്ളം പറയും
മറു കള്ളം പറഞ്ഞാൽ
പെരുകള്ളം പറയും
ഒരു കള്ളം പറഞ്ഞാൽ
പെരുകള്ളം പറഞ്ഞാൽ
ഒരു കള്ളനാവാം
ഒരു കള്ളനായാൽ നാട്ടിൽ ദ്രോഹി
നാട്ടിൽ ദ്രോഹി രാജ്യദ്രോഹി
രാജ്യദ്രോഹിക്ക് മരണം നിശ്ചയം

നന്ദന ഗംഗാധരൻ

## മതം

സ്നേഹത്തിൽ ജനിക്കാൻ അഗ്രഹിച്ച
എന്നാൽ മതത്തിലായി ജനനം
മതം മനുഷ്യനു വേണ്ടിയോ
അതോ, മതത്തിനോ മനുഷ്യൻ

മുഹമ്മദ് സുഹൈൽ.പി.പി

## എന്റെ നാട്

കേരളമെൻ സ്വന്തം നാട്
ദൈവത്തിന്റെ സ്വന്തം നാട്
കണിക്കൊന്നയുടെ നാട്
പരശുരാമൻ നേടിയ നാട്
മഹാബലി വാഴുന്ന നാട്
മതസൗഹാർദ്ദത്തിന്റെ നാട്
കേരളനാട്
കവിത്രയം ജനിച്ച നാട്
കേരം തിങ്ങും കർഷകനാട്
എന്റെ സ്വന്തം കേരളനാട്

മുഹമ്മദ് ജാസിം.സി.പി

# മനുഷ്യനൊന്നേയുള്ളൂ

ഈ ലോകത്ത് ജാതികൾ അനവധിയുണ്ട്. ഹിന്ദുവെന്നും , ക്രിസ്ത്യവെന്നും, മുസ്ലീമെന്നും പലതരം. ഈ ലോകത്ത് വിവിധ ഭാഷയുണ്ട്. മലയാളമെന്നും , ഹിന്ദിയെന്നും,തമിഴെയെന്നും നാനാതരം. പക്ഷേ ഈ ലോകത്ത് മനുഷ്യൻ ഒന്നു മാത്രമേയുള്ളൂ. പിന്നെയെന്തിനീ  മനുഷ്യൻ ജാതിമതാന്ധരായി പരസ്പരം കലഹിക്കുന്നു. ദൈവമൊന്നേയുള്ളോർത്ത് സ്നേഹിതരായി കഴിഞ്ഞു കൂടെ ?

ഹിസാന മുഹമ്മദ്

# വയൽ

പച്ചപ്പട്ടു വിരിച്ചൊരാ വയലുകൾതൻ
ചുറ്റിലും ചോലതൻ കസവലകളിളകി
മഞ്ഞയാമർക്കന്റെ കിരണങ്ങളേൽക്കുമ്പോൾ
മെല്ലെയവയെല്ലാം കൺതുറന്നു.
മഞ്ഞക്കിളികളും കൊക്കുകളും  പിന്നെ,
കുരുവികളും മീൻകൊത്തിപ്പക്ഷികളും
താണുമുയർന്നും പറന്നു കളിക്കുന്നു
തങ്ങളിൽ തങ്ങളിൽ സ്നേഹത്തോടെ
മീനുകൾ ഞണ്ടുകൾ നീർക്കോലിയും പിന്നെ,
പച്ചനിറമുള്ള പാമ്പുകളും
ഒക്കെയും സന്തോഷം പങ്കിട്ടെടുക്കുന്ന
വർണമനോഹര ഭൂമിയിൽ .

ഷിഫ മറിയം

# മൊബൈൽ

കുഞ്ഞിന്റെ കരച്ചിൽ കേട്ട് ഓടി വന്ന അവൾ മൊബൈൽ എടുത്ത് നോക്കി. റിംങ് ട്യൂണല്ലെന്ന് മനസ്സിലാക്കി ജാള്യതയോടെ തിരിച്ച് നടക്കുമ്പോഴും തൊട്ടിലിൽ നിന്ന് കുഞ്ഞ് വാവിട്ട് നിലവിളിക്കുന്നുണ്ടായിരുന്നു

-ഇസ്ഹാഖ്


VPPMKPS GVHSS TRIKARIPUR

വി പി പി എം കെ പി എസ് ജി വി എച്ച് എസ് എസ് തൃക്കരിപ്പൂർ

The most beautiful

things in the world cannot

be seen or even touched.

*They must be felt with the heart*

*HELLEN KELLER*

